(എ) സാമൂഹ്യവികസന വകുപ്പിൽ താൽക്കാലിക ജീവനക്കാരായി ജോലി നോക്കിവന്നിരുന്ന വികലാംഗരായ എൽ.വി.ഇ.ഒ., വി.ഇ.ഒ., എന്നിവരെ 1981-ലെ വികലാംഗ വർഷം പ്രമാണിച്ച് പിരിച്ചു വിടാതെ ജോലിയിൽ തുടരുവാൻ അനുവദിച്ച് ഉത്തരവ് നൽകിയിരുന്നുവോ;

(ബി) എങ്കിൽ എൽ.വി.ഇ.ഒ., വി.ഇ.ഒ., എന്നിവരിൽ എത്ര പേരെയാണ് തുടർന്ന് ജോലി ചെയ്യുവാൻ അനുവാദം നൽകിയിരുന്നത്;

(സി) ഇവരുടെ നിയമനം റഗുലറൈസ് ചെയ്തുകൊണ്ട് ഉത്തരവ് കൊടുത്തുകഴിഞ്ഞിട്ടുണ്ടോ;

(ഡി) ഇവർക്ക് ട്രെയിനിംഗ് കൊടുത്തിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എത്രമാസക്കാലത്തെ ട്രെയിനിംഗാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി, സി) വികലാംഗരായ 15 എൽ.വി.ഇ.ഒ. മാരും 22 വി.ഇ.ഒ. മാരും താൽക്കാലികമായി ജോലിയിൽ തുടരുന്നുണ്ട്. ഇവരുടെ നിയമനം റഗുലറൈസ് ചെയ്യുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

II ശ്രദ്ധ ക്ഷണിക്കൽ

(1) ആര്യനാട് നിയോജകമണ്ഡലത്തിലെ റോഡുകളുടെ ശോചനീയാവസ്ഥ.

9.30 A.M.] ശ്രീ. കെ.പങ്കജാക്ഷൻ: ബഹുമാനപ്പെട്ട സഹകരണവകുപ്പ് മന്ത്രിയെ ബുദ്ധിമുട്ടിക്കരുതെന്ന ആഗ്രഹമുള്ളവനാണ് ഞാൻ. എങ്കിൽത്തന്നെയും വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ നിസ്സഹായാവസ്ഥ കണ്ടിട്ട് അദ്ദേഹത്തിന്റെ (മന്ത്രിയുടെ) അനുവാദം കിട്ടണമെന്ന അഭ്യർത്ഥനയുമായി ഞാൻ ഈ സഭയിൽ വന്നിരിക്കുകയാണ്. പേമാരിയെത്തുടർന്ന്, എന്റെ നിയോജകമണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട റോഡുകളും, പ്രത്യേകിച്ച് കാട്ടാക്കട ജംഗ്ഷൻ പോലെ അസാമാന്യമായ ജനത്തിരക്കുള്ള ജംഗ്ഷൻ, കാട്ടാക്കട–കള്ളിക്കാട് റോഡ്, നെടുമങ്ങാട്–ഷൊർലക്കോട് റോഡ് തുടങ്ങിയ വളരെ പ്രധാനപ്പെട്ട റോഡുകളെല്ലാം താറുമാറായി കിടക്കുകയാണ്. ചിലതിനൊക്കെ ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉദ്യോഗസ്ഥൻമാർ പറയുന്നുണ്ട്. പക്ഷേ ആവശ്യമായ പണത്തിന്റെ കുറവുകൊണ്ട് പണി ഏറ്റെടുക്കാൻ കഴിയുന്നില്ല. ഈ പേമാരിയെത്തുടർന്ന് റോഡുകൾ കേടായത് ശ്രദ്ധയിൽ പെടുത്താൻ മാത്രമല്ല ഞാൻ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിച്ചിട്ടുള്ളത്. വളരെക്കാലമായി സർക്കാർ ഏറ്റെടുത്ത ചില റോഡുകൾ എന്റെ നിയോജകമണ്ഡലത്തിലുണ്ട്. അതിലൊന്നാണ് തിരുവനന്തപുരം–പൊൻമുടി റോഡിനേയും നെടുമങ്ങാട്–ഷൊർലക്കോട് റോഡിനേയും ബന്ധിപ്പിക്കുന്ന കുളപ്പട–മന്നൂർക്കോണം റോഡ്. ആ റോഡിന്റെ പണി തുടങ്ങിയിട്ട്

LIBRARY ARCHIVES Kerala Legislative Assembly

വർഷങ്ങളായി. കുറേ പണി നടന്നു. ഇതിനിടയിൽ ബസ് തടയുകയും ആളുകൾ പ്രക്ഷോഭം കൂട്ടുകയും ചെയ്തു. കോൺഗ്രസ്സുകാർ വരെ പ്രക്ഷോഭം നടത്തി. എന്നിട്ടുപോലും അങ്ങയെ ബുദ്ധിമുട്ടിക്കാൻ ഞാൻ വന്നില്ല. നിരന്തരമായി ഉദ്യോഗസ്ഥൻമാരെ സമീപിച്ച് നിവേദനം നടത്തിയതിന്റെ ഫലമായി ആ പണിയുടെ അവസാന സ്റ്റേജിന് അംഗീകാരം നൽകിയിട്ടുണ്ട്. പക്ഷേ ഇപ്പോഴും ടെണ്ടർ ആയിക്കഴിഞ്ഞിട്ടും ഗവൺമെന്റിന്റെ അംഗീകാരമില്ലാത്തതുകൊണ്ട് ആ പണി തുടങ്ങാൻ കഴിയുന്നില്ല എന്നാണ് മനസ്സിലാക്കുന്നത്. അങ്ങനെയാണെങ്കിൽ അതിനെക്കുറിച്ച് അന്വേഷിച്ച് അടിയന്തിരമായ നിർദ്ദേശം കൊടുക്കണം. അതുപോലെതന്നെ ഉഴമലയ്ക്കൽ—പനയ്ക്കോട് റോഡ്. ജനങ്ങളെ സംബന്ധിച്ചിടത്തോളം കാൽനടയായി യാത്ര ചെയ്യുന്നതിനുപോലും ദുസ്സഹമായ അവസ്ഥയിലാണ്. അത് ഏറ്റെടുത്തിട്ട് വർഷങ്ങളായി. ആ പണിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഗവൺമെന്റിലേക്ക് അയച്ചു. പക്ഷേ മറുപടി എന്താണെന്ന് അറിയാമോ? എം.എൽ.എ. റോഡുകൾ നിലവിലുള്ളതുകൊണ്ടും സർക്കാരിന്റെ പണത്തിന്റെ അഭാവംകൊണ്ടും ഈ എസ്റ്റിമേറ്റ് സാദ്ധ്യമല്ലെന്നാണ്. എം.എൽ.എ. റോഡുകളാണെങ്കിൽ അതും നടക്കുന്നില്ല. മാസങ്ങളായി ഇതുവരെയും പണി നടന്നിട്ടില്ല. ടെണ്ടർ വിളിക്കാനുള്ള സംരംഭം പോലുമില്ല. ഉഴമലയ്ക്കൽ—പനയ്ക്കോട് റോഡ് വളരെ പ്രധാനപ്പെട്ട ഒരു റോഡാണ്. അങ്ങ് എന്റെ കൂടെ വന്നാൽ നമുക്ക് അതിലേ ഒന്നു പോകാം. നടന്നു പോകാൻ പോലും കഴിയുകയില്ല. ഒന്നും കഴിഞ്ഞില്ലെങ്കിലും, അടിയന്തിരമായി റിപ്പയർ നടത്തുന്നതിനുള്ള നിർദ്ദേശമെങ്കിലും കൊടുക്കണം. ഈ എസ്റ്റിമേറ്റിന് അംഗീകാരം കൊടുത്താൽ ജനങ്ങളെ സംബന്ധിച്ചിടത്തോളം ആശ്വാസകരമായിരിക്കും.

ഒരുകാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ജനറൽ സെക്ടർ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള, മലവിള ഹരിജൻ കോളനിയിലേക്കു പോകുന്ന ചപ്പാത്ത്—മലവിള റോഡ്. ആ റോഡിന്റെ കുറേ പണി നടന്നു. പിന്നെ കരാറുകാരും ഉദ്യോഗസ്ഥൻമാരും തമ്മിൽ എന്തോ തർക്കമുണ്ടായി. പണി അവിടെ കിടന്നു. വലിയ വലിയ പാറകൾ. അതുവഴി കാറിലോ നടന്നോ പോകാൻ കഴിയുകയില്ല. വല്ലപ്പോഴും ഞാൻ പാറകളിൽ കൂടി ചാടി പോകാറുണ്ട്. അത്ര ദുസ്സഹമാണ് ആ റോഡിന്റെ സ്ഥിതി. ഈ മൂന്ന് റോഡുകളുടെ കാര്യത്തിൽ (ഉഴമലയ്ക്കൽ—പനയ്ക്കോട്, കുളപ്പട—മന്നൂർക്കോണം, ചപ്പാത്ത്—മലവിള) അടിയന്തിരമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും അതോടൊപ്പം ഈ പേമാരിയെത്തുടർന്ന് ഉണ്ടായ കഷ്ടനഷ്ടങ്ങൾ റോഡുകൾക്ക് സംഭവിച്ചിട്ടുള്ളത് നികത്തിയെടുക്കുന്നതിനു വേണ്ട നിർദ്ദേശം നൽകണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്, നമ്മുടെ സംസ്ഥാനത്തെ പൊതുവായ ചിത്രത്തിന്റെ അദ്ദേഹത്തിന്റെ മണ്ഡലത്തിലെ ചെറിയൊരു ചിത്രം മാത്രമാണ്. ഇത് എല്ലാ സ്ഥലങ്ങളിലുമുള്ള ആവലാതിയുടെ ഒരു ഭാഗമാണ്. ആവലാതിയെന്നു പറഞ്ഞാൽ അവരുടെ അപേക്ഷയും നിർദ്ദേശവും. അത് ആവലാതിയായി കണക്കാക്കുകയാണ്. അതിനുള്ള കാരണവും സഭയ്ക്ക് അറിയാവുന്നതാണ്. പൊതുവായ കാരണം എന്താണെന്ന് അറിയാം. ഏറ്റവും പ്രധാനപ്പെട്ട റോഡുകളായിരിക്കാം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതെങ്കിലും ഇപ്പോൾ പ്രയോരിറ്റി കൊടുക്കുന്നത് എം.എൽ.എ. റോഡുകൾക്കാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആ റോഡുകൾ നടക്കുന്നില്ലായെന്ന് പറഞ്ഞാൽ അത് ശരിയല്ല. ആകെ 280 റോഡുകളാണ് ഏറെറടുക്കേണ്ടത്. അതിൽ 247 റോഡുകളും ഏറെറടുത്തു കഴിഞ്ഞു. ഇനി 33 റോഡുകൾ ഏറെറടുക്കാനുണ്ട്. സാങ്കേതികമായ പല കാരണങ്ങളാലുമാണ് അതിന് താമസിക്കുന്നത്. അല്ലാതെ ഗവൺമെൻറിൻെറ കുറ്റംകൊണ്ടല്ല. പഞ്ചായത്തുകൾ സ്ഥലം കൊടുക്കണം. പഞ്ചായത്തുകൾ റോഡ് ഏറെറടുക്കണമെന്ന റസല്യൂഷൻ പാസാക്കി അയക്കണം. ഈവക കാരണങ്ങളാൽ താമസിക്കുന്നു എന്നുള്ളതിൽ കവിഞ്ഞ് ഗവൺമെൻറിന് ന്യായമായ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ആ നിമിഷം ഗവൺമെൻറ് ഏറെറടുക്കും. 247 റോഡുകൾ ഏറെറടുത്തു കഴിഞ്ഞു. അതിൽ ഏകദേശം 123 റോഡുകളുടെയും പ്രവൃത്തി നടക്കുന്നുണ്ട്. 200 റോഡുകൾക്ക് ഭരണപരമായ അനുമതി നൽകികഴിഞ്ഞു. കഴിഞ്ഞകൊല്ലത്തിൽത്തന്നെ 65 കോടി രൂപ എം.എൽ.എ. റോഡുകൾക്കു മാത്രം ആവശ്യമായിരുന്നു. ഈ കൊല്ലത്തെ ബഡ്ജറിൽ കൊണ്ടുവന്നത് 30 കോടി രൂപയാണ്. നമ്മുടെ സാമ്പത്തികസ്ഥിതി അതാണ്. നമ്മുടെ റോഡുകൾക്ക് ഒരു കൊല്ലം മെയിൻറനൻസ് നടത്തണമെങ്കിൽ 40 കോടി രൂപ വേണം. ഈ കൊല്ലത്തെ ബഡ്ജറിൽ ഉള്ളത് 18 കോടി രൂപയാണ്. പുതിയ റോഡുകൾ ഉണ്ടാക്കുന്ന കാര്യമായാലും മെയിൻറനൻസിൻെറ കാര്യമായാലും സാമ്പത്തിക പരാധീനത പൊതുവായ ഒരു പ്രശ്നമാണെന്നുള്ളത് ബോദ്ധ്യപ്പെടുത്താനാണ് ഞാൻ ഈ കാര്യം പറഞ്ഞത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മൂന്നു റോഡുകളിൽ ഉഴമലയ്ക്കൽ–പനയ്ക്കോട് റോഡ് 1983–ൽ മാത്രം ഏറെറടുത്ത റോഡാണ്. നൂറ് രൂപയേ ബഡ്ജറിലുള്ളൂ. അതുകൊണ്ടാണ് അതിന് ഈ കൊല്ലം പ്രയോരിറ്റി കൊടുക്കാൻ വയ്യാത്ത നിലയിൽ ഉദ്യോഗസ്ഥൻമാർ മറുപടി അയയ്ക്കാൻ കാരണം. പത്ത്, പന്ത്രണ്ട് കൊല്ലം മുമ്പ് ഏറെറടുത്ത റോഡുകൾ നിലവിലുണ്ട്. അതുകൊണ്ട് ഈ റോഡ് പെട്ടെന്ന് ഏറെറടുത്ത് നടത്താൻ സാദ്ധ്യമല്ലെങ്കിലും ബഹുമാനപ്പെട്ട മെമ്പറുടെ അപേക്ഷപ്രകാരം മെയിൻറനൻസ് നടത്താനുള്ള നിർദ്ദേശം നൽകാം. കുളപ്പട–മന്നൂർക്കോണം റോഡിന് 1979–ൽ തന്നെ അനുമതി നൽകി വർക്ക് തുടങ്ങിയതാണ്. ആദ്യം എടുത്ത കരാറുകാർ സ്ഥലംവിട്ടു. രണ്ടാമത് ടെൻറർ ചെയ്തു. ആ കരാറുകാരൻ ചില പണികളെല്ലാം ചെയ്തു. അവിടെയും അനാസ്ഥകാണിച്ചു. രണ്ടാമത് ആ വർക്ക് ചെയ്യാനുള്ള നടപടി നടന്നുവരുന്നുണ്ട്. അതിനാവശ്യമായ മുൻഗണന നൽകി അനുമതി നൽകുന്നതാണ്.

മൂന്നാമത്തെ റോഡ് ജനറൽ സെക്ടർ സ്കീമിലുള്ളതാണ്. അതിന് കളക്ടറാണ് എ.എസ്. കൊടുക്കേണ്ടത്. അതിന് വർക്കിംഗ് ഗ്രൂപ്പിൻെറ സാംഗ്ഷൻ വേണം. ആ വർക്ക് ആയതുകൊണ്ട് ഗവൺമെൻറ് അല്ല എ.എസ്. കൊടുക്കേണ്ടത്. ആദ്യം അതിന് അനുമതി നൽകിയതാണ്. പിന്നെ നിന്നു. അതിനുശേഷം പുതിയ വർക്കായി രണ്ടാമത് വർക്കിംഗ് ഗ്രൂപ്പിൻെറ അനുമതിയോടുകൂടി കളക്ടർ എ.എസ്. നൽകണം. അതിനാവശ്യമായ നടപടി ഗവൺമെൻറിൻെറ ഭാഗത്തുനിന്നുമുണ്ടാകും.

ശ്രീ. കെ. പങ്കജാക്ഷൻ: ഉഴമലയ്ക്കൽ–പനയ്ക്കോട് റോഡിൻെറ കാര്യത്തിൽ അടിയന്തിരമായും സ്പെഷ്യൽ മെയിൻറനൻസ് നടത്താനും അടുത്ത വർഷത്തിലെങ്കിലും എസ്റ്റിമേറ്റിന് അംഗീകാരം നൽകാനും നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: അടുത്ത ബഡ്ജറിൽ കൂടുതൽ തുക ഉൾക്കൊള്ളിച്ച്, അടുത്ത സാമ്പത്തിക വർഷത്തിൽ അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കാം.

(2) വീടുകൾ പണിയുന്നതിനുചുറ്റും തുറസ്സായ സ്ഥലം വേണമെന്ന നിബന്ധനമൂലം ഭൂവുടമകൾക്കുണ്ടാകുന്ന ബുദ്ധിമുട്ട്

Shri Stephen Padua: Sir, I would like to call the attention of the Honarable Local Administration Minister to the hardship faced by the small land holders in Municipal—Corporation areas in the construction of houses due to the present building rules regarding the vacant land to be kept on all sides of the houses. As you know, it is a cherished desire of everyone of us to have a house, a home—a sweet home. With this motive in view, several common people have bought up small plots of land ranging from 3 cents to 5 cents at prohibitive cost. You know the cost of land in cities is ranging from 15,000 to 50,000 rupees, if not more on an average and not in the main roads but by-lanes and by roads and they have submitted plans for the construction of houses. But the Corporation authorities are keeping it pending because of Building Rules regarding the vacant land to be kept on all the four sides of the house. At present it is impossible for a person, for an applicant, holding 3 cents or 5 cents each to leave such vacant land all round. According to the present Building Rules, from the centre of the road to the frontage of the house, they have to leave $5\frac{1}{2}$ metres of land in distance. Behind they have to leave 3 metres and on the other two sides $1\frac{1}{2}$ metres each. For persons holding only 3 cents and 5 cents, it is impossible after leaving so much space to construct a house.

I would therefore request the Honarable Minister to appreciate the difficulties of the small land holders and to effect necessary amendments in the building rules, if necessary, or to give some relaxation in the rules.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി.എം. സുന്ദരം): സർ, കേരള ബിൽഡിംഗ് റൂൾസ്, കേന്ദ്ര ഗവൺമെന്റിൽനിന്ന് ഇന്ത്യൻ സ്റ്റാൻഡേർഡ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർദ്ദേശപ്രകാരം നാഷണൽ ബിൽഡിംഗ് കോഡ് അനുസരിച്ച് കേരള സ്റ്റേറ്റിലേക്ക് നിയമങ്ങൾ കൊണ്ടുവരുകയും ആ നിയമം ഇപ്പോൾ പാസ്സാക്കി നടപ്പിലാക്കികൊണ്ടിരിക്കുകയും ചെയ്യുന്ന സ്ഥിതിയാണുള്ളത്. ബിൽഡിംഗ് റൂൾസിൽ ഇത്രയധികം നിർബന്ധം വരുത്താനുള്ള ഒരു കാരണം ഇപ്പോൾ ചില സ്ഥലങ്ങളിൽ ചെറിയ ചെറിയ സ്ഥലങ്ങളിൽപോലും ധാരാളം ചെറിയ വീടുകൾ കെട്ടുകയും ആ വീടുകൾ വെള്ളവും വെളിച്ചവും വായുവും ഒന്നുമില്ലാതെ അശാസ്ത്രീയമായ രീതിയിൽ കെട്ടിയതുകൊണ്ട് ചേരിപ്രദേശങ്ങളായി മാറുകയും ജനവാസത്തിന് സൗകര്യമില്ലാതെ രോഗബാധിത പ്രദേശമായിട്ട് മാറുകയും ചെയ്യുന്നുണ്ട് എന്നതാണ്. കൂടാതെ വേണ്ടവിധത്തിൽ ചാലുകൾ കെട്ടാതെയും റോഡുകൾക്ക് വിസ്തീർണ്ണമില്ലാതെയും വന്ന സാഹചര്യത്തിലാണ് ബിൽഡിംഗ് റൂൾസ് ഉണ്ടാക്കാൻ നിർബന്ധിതമായത്. ഈ നിയമത്തിന്റെ ആവശ്യകത കൂടുതൽ അനുഭവപ്പെടുന്നത് ജനങ്ങൾ ഇടതിങ്ങിപ്പാർക്കുന്ന നഗരപ്രദേശങ്ങളിലാണ്.

LIBRARY ARCHIVES Kerala Legislative Assembly